ശ്രീ. ഏ. താണുപിള്ള : ഇപ്പോൾത്തന്നെ ബസ്സുകൾ വളരെ കുറവാണെന്നുള്ള ബോദ്ധ്യം ഗവൺമെൻറിനില്ലെ?

ശ്രീ. ടി. കെ. നാരായണപിള്ള : ഉണ്ടു്. അതിൻെറ ഫലമായിട്ടാണെല്ലൊ കൂടുതൽ വാങ്ങിക്കണമെന്നു ഉദ്ദേശിക്കുന്നതു്.

ശ്രീ. ഏ. താണുപിള്ള : ആവശ്യമുള്ള ഫ ൦ ൦ ബസ്സിനും ബഡ്ഡറിൽ പ്രൊവിഷനുണ്ടൊ?

ശ്രീ. ടി. കെ. നാരായണപിള്ള : ഫ ൦ ൦ ബസ്സിനും പ്രൊവിഷൻ ഇല്ല.

ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി : തിരുവനന്തപുരം സിറ്റിക്കു അകത്തു പ്രൈവറ്റു ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ടൊ?

ശ്രീ. ടി. കെ. നാരായണപിള്ള : ഇല്ല.

ശ്രീ. പി. കെ. കുഞ്ഞുശാസ്ത്രി : ഇന്നലെ മുതൽ സിറ്റിക്കകത്തു പ്രൈവറ്റു ബസ്സ് സർവ്വീസു നടത്തുന്നു എന്നു പറഞ്ഞാൽ വിശ്വസിക്കുമൊ?

ശ്രീ. ടി. കെ. നാരായണപിള്ള : വിശ്വസിക്കാൻതക്കവണ്ണം ശരിയായ അറിവുകൾ എനിക്കില്ല.

ശ്രീ. ഇട്ടിര അമ്പൂക്കൻ : ൪ ൫ ബസ്സുകൾക്കു കാർഡർ കൊടുത്തിട്ടുണ്ടെന്നു പറഞ്ഞു. ഏതു കമ്പനിക്കാണെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള : അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എം. ഐ. പോൾ : പൊതുജനങ്ങളുടെ സൗകര്യത്തിനെ ഉദ്ദേശിച്ചു് ട്രാൻസ്പോർട്ടു ലൈനിൽ പ്രൈവറ്റു കമ്പനിക്കാർക്കുകൂടി സർവ്വീസു് നടത്താൻ അനുവദിക്കുന്ന കാര്യത്തിൽ വല്ല അഭിപ്രായവ്യത്യാസവുമുണ്ടൊ?

ശ്രീ. ടി. കെ. നാരായണപിള്ള : : അതിനു ചില സാങ്കേതിക തടസ്സങ്ങളുണ്ടു്.

അഞ്ചൽ ജീവനക്കാർ

*൯൨൯. (൯) ശ്രീമതി ദേവകി ഗോപിദാസു് : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) അഞ്ചൽ ജീവനക്കാരുടെ അവശതകൾ പരിഹരിക്കുന്നതിനെ സംബന്ധിച്ചു് തിരുവിതാംകൂർ–കൊച്ചി ഗവൺമെൻറിൽനിന്നും കേന്ദ്രഗവൺമെൻറിൻെറ അടുക്കൽ വല്ല നിവേദനവും നടത്തിയിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ നിവേദനത്തിൻെറ സ്വഭാവം എന്തായിരുന്നു;

(സി) കേന്ദ്രഗവൺമെൻറിൻെറ മറുപടി എന്തായിരുന്നു എന്നു പറയുവാൻ ദയവുണ്ടാകുമോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈയും വകുപ്പുമന്ത്രി : (ശ്രീ. ടി. ടി. കെ. നാരായണപിള്ള) :

(എ) രണ്ടു ഗവൺമെൻറുകളുമായി ഇതേപ്പറ്റി കൂടിയാലോചനകൾ നടത്തിയിട്ടുണ്ടു്.

(ബി) ഈ വിവരങ്ങൾ ഫ ൯൯—ഫ—ഫ ൫ ൫ ഫ-ലെ ഗവൺമെൻറു പ്രസ്സു് നോട്ടിൽ വ്യക്തമാക്കിയിട്ടുണ്ടു്.

(സി) മറുപടി ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ദേവകീ ഗോപിദാസ്: അഞ്ചൽ ഡിപ്പാർട്ട്മെന്റിന്റെ സംയോജനക്കാര്യം പുരോഗമിച്ചിട്ടുണ്ടോ?

ശ്രീ. ടി കെ. നാരായണപിള്ള: ഇല്ല.

ശ്രീമതി ദേവകീ ഗോപിദാസ്: അഞ്ചൽ ജീവനക്കാരെ ഇൻഡ്യാ ഗവണ്മെന്റ് ഏറ്റെടുക്കുമ്പോൾ അവരുടെ ശമ്പളം തപാൽ ജീവനക്കാർക്ക് തുല്യമാക്കാൻ ഈ ഗവണ്മെന്റിൽനിന്നും വല്ല ശുപാർശയും ചെയ്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അഞ്ചൽ ജീവനക്കാരുടെ ശമ്പളം മറ്റവർക്കൊപ്പം വർദ്ധിപ്പിക്കണമെന്ന് ഇൻഡ്യാ ഗവണ്മെന്റിനോട് അപേക്ഷിച്ചിട്ടുണ്ട്.

ശ്രീ. ഈപ്പൻ അറക്കൽ: ടെലിഫോൺ ജോലിക്കാരെ മദ്രാസ് ഗവണ്മെന്റിലേക്ക് എടുക്കുന്നതായി കേട്ടു. ഈ ഗവണ്മെന്റിനു വല്ല ഓർഡറും അതിനെപ്പറ്റി കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു വേറൊരു പ്രശ്നമാണ്. പ്രതിപാദ്യവിഷയം അതല്ല.

ബസ്സ് സർവ്വീസ്

*നമ്പർ. (൭) ശ്രീമതി. ദേവകീ ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ;

(എ) പല ബസ്സ് ലൈനുകളും ദേശവൽക്കരിക്കണമെന്നും സ്റ്റേറ്റ് ട്രാൻസ്പോർട്ട്ബസ്സ് സർവ്വീസ് ഏർപ്പെടുത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ട് തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിന്റെ പല ഭാഗത്തുംനിന്നു നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ;

(ബി) അവയെ സംബന്ധിച്ചു ഗവണ്മെൽ എന്തു ചെയ്യണമെന്നു വിചാരിക്കുന്നു?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ട്.

(ബി) സ്റ്റേറ്റ് ട്രാൻസ്പോർട്ട് ലയിൻ ദീർഘിപ്പിക്കുന്നതിനെപ്പറ്റി ഗവണ്മെന്റിന്റെ അവസാനതീരുമാനത്തെ ആശ്രയിച്ചായിരിക്കും അവയുടെ നടപടി എടുക്കുന്നതു.

ശ്രീമതി ദേവകീ ഗോപിദാസ്: ട്രാൻസ്പോർട്ട് ബസ്സിലേയും പ്രൈവറ്റ ബസ്സിലേയും കൂലിനിരക്ക് വ്യത്യാസമുണ്ടെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: സ്വല്പം വ്യത്യാസമുണ്ട്.

ശ്രീമതി ദേവകീ ഗോപിദാസ്: എത്രയാണ് കൂടുതൽ എന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ശരിയായ ഒരു കണക്ക് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എം. ഐ. പാറേ: ഇപ്പോഴത്തെ ഓവർലോഡിംഗ് ഇല്ലാതാക്കിയതിൽ പിന്നീടല്ലേ പുതിയ ലയിനുകളും നീട്ടാനുദ്ദേശിക്കുന്നതു?

ശ്രീ. ടി. കെ. നാരായണപിള്ള: മിക്കവാറും അങ്ങനെ തന്നെയായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly